## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5389 — 01.07.2014 ലെ മറുപടിയ്ക്ക്

### ഭാഗ്യക്കുറി മേഖലയിലെ പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി.എം. തോമസ് ഐസക് :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീമതി. കെ. കെ. ലതിക :<br>ശ്രീ. സി. കൃഷ്ണൻ : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ അന്യ സംസ്ഥാനത്ത് ചൂതാട്ടം പോലെ ഉപയോഗപ്പെടുത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഇത്തരം പ്രവർത്തികൾ സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യതയെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) & (ബി) സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ അന്യ സംസ്ഥാനങ്ങളിൽ ചൂതാട്ടംപോലെ ഉപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്തിനകത്ത് ശ്രദ്ധയിൽപ്പെട്ട ചൂതാട്ട ലോട്ടറി തടയാൻ സർക്കാർ ഫലപ്രദമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഒറ്റ നമ്പർ ലോട്ടറികൾ, നിയമവിരുദ്ധ അന്യസംസ്ഥാന ലോട്ടറികൾ എന്നിവയുടെ അനധികൃത വില്പന തടയുന്നതിനായി സംസ്ഥാനതല മോണിറ്ററിംഗ് സെൽ ADGP (Intelligence) തലവനായും, ജില്ലാതല മോണിറ്ററിംഗ് സെൽ അതാത് ജില്ലാ കളക്ടർ തലവനായും രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന-ജില്ലാതല യോഗങ്ങൾ ചേർന്ന് സംസ്ഥാനത്താകെ നിയമവിരുദ്ധ ഭാഗ്യക്കുറി വില്പനയ്ക്കെതിരെയും, ചൂതാട്ടംപോലുള്ള പ്രവണതകൾക്കെതി |

രെയും നടപടികൾ സ്വീകരിച്ചുവരുന്നു. ചൂതാട്ടം പോലെയുള്ള പ്രവൃത്തികൾ സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യതയെ ബാധിച്ചിട്ടില്ല.

(സി) ലോട്ടറി മേഖലയിൽ പ്രതിസന്ധിയുണ്ടാകുന്ന തരത്തിൽ അധികൃതർ പരിഷ്ക്കാരങ്ങൾ വരുത്തുന്നത് ഈ മേഖലയെ എതെല്ലാം തരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ലോട്ടറി മേഖലയിൽ പ്രതിസന്ധിയുണ്ടാകുന്ന തരത്തിൽ പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടില്ല. നിലവിൽ ഭാഗ്യക്കുറിയുടെ സമ്മാനഘടനയിൽ വരുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ഗുണകരമാകുന്നതും കൂടുതൽ ടിക്കറ്റുകൾ വില്പനയ്ക്കായി ലഭ്യമാകുന്ന തരത്തിലുമാണ്.

(ഡി) സംസ്ഥാനത്ത് ലോട്ടറി മേഖലയിൽ പ്രവർത്തിക്കുന്ന വികലാംഗർക്കും അവശത അനുഭവിക്കുന്ന സാധാരണക്കാർക്കും വിൽക്കുന്നതിന് യഥേഷ്ടം ടിക്കറ്റുകൾ ലഭ്യമാകുന്നില്ല എന്ന ആക്ഷേപത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(ഡി) സംസ്ഥാന ഭാഗ്യക്കുറിയുടെ കുറഞ്ഞ വിലയുള്ള ടിക്കറ്റുകൾ ചെറുകിട ഏജന്റുമാർക്ക് യഥേഷ്ടം ലഭ്യമാക്കുന്നതിനായി ടിക്കറ്റ് അച്ചടി 45 ലക്ഷത്തിൽ നിന്നും 49 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ടിക്കറ്റ് ലഭിക്കുന്നില്ലായെന്ന പരാതി ഇപ്പോൾ നിലവിലില്ല.

സെക്ഷൻ ഓഫീസർ.